**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6712** **11-11-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ ഉൾനാടൻ ജലഗതാഗത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ദേശീയ ജലപാതയുടെ ഭാഗമായുള്ള മലപ്പുറം ജില്ലയിലെ ഉൾനാടൻ ജലഗതാഗത പദ്ധതിയുടെ റൂട്ട് മാപ്പ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ പൊന്നാനി മുനിസിപ്പാലിറ്റിയിലെ അണ്ടത്തോട് കാഞ്ഞിരമുക്ക് (ചെ.310.18കി.മീ)മുതൽ ചേലമ്പ്ര പഞ്ചായത്തിലെ കനോലി കനാൽ പുല്ലിപ്പുഴ(ചെ.377.518 കി.മീ) വരെയുള്ള 67.338 കി.മീ.ദൂരമാണ് ദേശീയ ജലപാത (NW-3) യുടെ ഭാഗമായിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുകയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | ജലപാതയുടെ ഭാഗമായുള്ള കനാലുകളിൽ ജലപാത മാനദണ്ഡങ്ങൾ പാലിക്കാത്ത പാലങ്ങളും മറ്റു നിർമ്മിതികളും പൊളിച്ചുനീക്കി പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നതിനായിട്ടുള്ള പര്യവേഷണ പ്രവൃത്തികൾക്ക് 141.42 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ജലപാതയുടെ ഭാഗമായുള്ള പി.സി. കനാലിന്റെ വെളിയംകോട്-ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി NABARD XXV - യിൽ ഉൾപ്പെടുത്തി 29.87 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | ജലപാതയുടെ ഭാഗമായുള്ള കടലുണ്ടിപ്പുഴ വീതി കൂട്ടി തീരം സംരക്ഷിക്കുന്നതിനും ജലപാതയ്ക്ക് തടസ്സം നിൽക്കുന്ന പാലങ്ങൾ പൊളിച്ചു പണിയുന്നതിനും ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ഫണ്ട് വകയിരുത്തിയിട്ടില്ല. |
| (ഡി) | ഉൾനാടൻ ജലഗതാഗത പദ്ധതിക്കായി 2016 ജൂൺ മുതൽ നാളിതുവരെ കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ നൽകാമോ; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു; | (ഡി) | ഉൾനാടൻ ജലഗതാഗത പദ്ധതിയ്ക്കായി 2016 ജൂൺ മുതൽ ഫണ്ടുകളൊന്നും അനുവദിച്ചിട്ടില്ല. |
| (ഇ) | സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാത്തതിനാൽ കേന്ദ്ര ഫണ്ട് നഷ്ടപ്പെട്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | ഇല്ല |

സെക്ഷൻ ഓഫീസർ